**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 550** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>ജി. എസ്. ടി. നികുതി സ്ലാബുകൾ ചുരുക്കുന്നതിലെ വരുമാന നഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു
ശ്രീ. സി. എച്ച്. കുഞ്ഞമ്പു
ശ്രീ. ബാബു (നെന്മാറ)
ശ്രീമതി. കനത്തിൽ ജമീല
ശ്രീ. പി. പി. ചിത്തരഞ്ജൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജി. എസ്. ടി. നികുതി സ്ലാബുകൾ രണ്ടായി ചുരുക്കുന്നതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ജി.എസ്.ടി. സ്ലാബുകളിൽ മാറ്റം വരുത്തിയതോടെ കേരളത്തിന് പ്രതിവർഷമുണ്ടാകുന്ന വരുമാന നഷ്ടം എത്ര തുകയായിരിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. നിരക്കിലെ വ്യത്യാസങ്ങൾ കാരണം ചില മേഖലകളിൽ ഉണ്ടാവാൻ സാധ്യത ഉള്ള നികുതി നിരക്കിലെ 'ഇൻവേർഷൻ' മൂലമുള്ള ബാധ്യത നികുതി ഘടനയിലെ മാറ്റങ്ങൾ, വിപണിയിലെ ഡിമാൻഡിൽ വരുത്തുന്ന മാറ്റം തുടങ്ങി വിവിധ ഘടകങ്ങൾ ആശ്രയിച്ചാണ് നികുതിയിൽ കുറവ്/ കൂടുതൽ വരുമോ എന്നത് കണക്കാക്കുവാൻ സാധിക്കുക. എന്നാൽ ഇത്തരം ഘടകങ്ങളെല്ലാം പരിഗണിച്ച് നികുതി വരുമാനത്തിൽ ഉണ്ടാകുവാൻ പോകുന്ന വ്യതിയാനം തിട്ടപ്പെടുത്തുന്നതിൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. കൂടാതെ, ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും HSN/SAC കോഡ് അടിസ്ഥാനത്തിലുള്ള വിശദമായ കണക്കുകൾ GST പോർട്ടലിൽ കൃത്യമായി ലഭ്യമല്ലാത്തതിനാൽ, വിശകലനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കപ്പെടുന്നില്ല.

**(ബി)** ജനങ്ങളുടെ നികുതി ഭാരം ലഘൂകരിക്കുകയെന്ന ഉദ്ദേശത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഇത്തരം പരിഷ്കാരങ്ങൾ സംസ്ഥാനത്ത് ഫലവത്താകുന്നുണ്ടോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** 56-ാമത് GST കൗൺസിൽ കൈക്കൊണ്ട തീരുമാനം 2025 സെപ്റ്റംബർ 22 മുതൽ മാത്രമേ നടപ്പിലാവുകയുള്ളു. ആയതിനാൽ ഈ പരിഷ്കാരം ഫലവത്താകുമോ എന്നത് സംബന്ധിച്ച് നിലവിൽ പറയുവാൻ കഴിയുകയില്ല.

**(സി)** പുതിയ പരിഷ്കാരം നടപ്പിൽ വരുന്നതോടു കൂടി സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നിർദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജി.എസ്.ടി. നികുതി ഘടനയിൽ വരുന്ന മാറ്റം മൂലം സംസ്ഥാനത്തിന് നികുതി നഷ്ടമുണ്ടാകുമെന്ന് വിലയിരുത്തിക്കൊണ്ട് വരുമാന നഷ്ടം നികത്താൻ വേണ്ടിയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുപോരുന്നുണ്ട്. കൗൺസിൽ കൈക്കൊണ്ട തീരുമാനം പരോക്ഷ നികുതി സംവിധാനത്തിലെ രണ്ടാമത്തൊരു വലിയ പരിഷ്കരണം ആയതിനാൽ ഇതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുവാനുള്ള നടപടികളും കോമ്പൻസേഷനും തുടരണം എന്ന് കേരളം ജി.എസ്.ടി കൗൺസിലിൽ ഉന്നയിച്ചെങ്കിലും ആയത് കൗൺസിൽ പരിഗണിക്കുകയുണ്ടായില്ല.

**(ഡി)** ജി. എസ്. ടി. സ്ലാബുകൾ രണ്ടായി ചുരുക്കുന്നുവെന്ന പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയതിലൂടെ ജി. എസ്. ടി. കൗൺസിലിന്റെ പ്രാധാന്യവും ആവശ്യകതയും അപ്രസക്തമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ജി.എസ്.ടി സ്ലാബുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച തീരുമാനം ജി.എസ്.ടി കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**